I/83886/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/604/2023-ICPS 5

വനിത ശിശു വികസന വകുപ്പ്,
ഐസിപിഎസ് പൂജപ്പുര,തിരുവനന്തപുരം
തീയതി : 28-02-2023
E-Mail: icpskerala@gmail.com
Phone No.0471-2342235

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- സംയോജിത ശിശു സംരക്ഷണ പദ്ധതി കരാർ ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നത് സംബന്ധിച്ച്--

സൂചന:-
1. സർക്കാർ ഉത്തരവ് നമ്പർ (MS) No. 11/2013 SJD 02.02.2013.
2. സർക്കാർ ഉത്തരവ് നമ്പർ 81/2019/Fin തീയതി 09.07.2019
3. ഈ കാര്യാലയത്തിലെ 07/06/2022 ലെ ഐസിപിഎസ്-5/1391/2022 നം സർക്കുലർ

രണ്ട് വർഷം സേവനം പൂർത്തിയാക്കിയ കരാർ ജീവനക്കാരുടെ സേവനം ദീർഘിപ്പിക്കുന്നതിനു, സർക്കാരിന്റെ അനുമതി ലഭ്യമാക്കണമെന്ന് സൂചന 2 പ്രകാരം സർക്കാർ നിർദ്ദേശമുണ്ട്. കരാർ ജീവനക്കാരുടെ കരാർ കാലാവധി അവസാനിക്കുമ്പോൾ, കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് സൂചന 2 ലെ നിർദ്ദേശങ്ങൾ പാലിച്ച് ലഭ്യമാകുന്ന അപേക്ഷകൾ ക്രോഡീകരിച്ച് ഈ കാര്യാലയത്തിൽ നിന്നും സർക്കാരിലേക്ക് സമർപ്പിച്ച് വരുന്നുണ്ട്.

ഐസിപിഎസിലേയും, ജില്ലാ ഘടകങ്ങളിലേയും കരാർ ജീവനക്കാരുടെ സേവനം ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷകൾ ലഭ്യമാകുന്ന മുറയ്ക്ക് ഓരോന്നായി സർക്കാരിലേയ്ക്ക് അയക്കുന്നത് നിരവധി ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുന്നുണ്ട്. ആയതു പരിഹരിക്കുന്നതിനായി ഓരോ മൂന്ന് മാസത്തിനുള്ളിലും കരാർ കാലാവധി അവസാനിക്കുന്ന ജീവനക്കാരുടെ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിനായുള്ള അപേക്ഷകൾ ഏകീകരിച്ച് മുൻകൂട്ടി ശേഖരിച്ച് സർക്കാരിലേക്ക് സമർപ്പിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ , ജീവനക്കാരുടെ കരാർ പുതുക്കുന്നതിനുള്ള അപേക്ഷകൾ ചുവടെ ചേർക്കുന്ന സമയപരിധിക്കകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്. സമയപരിധി കർശനമായും പാലിക്കേണ്ടതും,എല്ലാ വർഷവും ഈ രീതി തുടരേണ്ടതുമാണ്.

| ക്രമ നം | കരാർ കാലാവധി അവസാനിക്കുന്ന മാസം | ഈ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി |
|---|---|---|
| 1 | ജനുവരി , ഫെബ്രുവരി , മാർച്ച് | നവംബർ 30 |
| 2 | ഏപ്രിൽ , മെയ് , ജൂൺ | ഫെബ്രുവരി 28 |
| 3 | ജൂലൈ , ഓഗസ്റ്റ് , സെപ്റ്റംബർ | മെയ് 31 |
| 4 | ഒക്ടോബർ , നവംബർ , ഡിസംബർ | ഓഗസ്റ്റ് 31 |

28/02/2023 നകം കരാർ കാലാവധി അവസാനിച്ചിരിക്കുന്നതും, എന്നാൽ ഈ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാത്തതുമായ അപേക്ഷകൾ ഉണ്ടെങ്കിൽ കാലതാമസം വന്നതിനുള്ള വിശദീകരണം സഹിതം ലഭ്യമാക്കേണ്ടതും, കൂടാതെ മാർച്ച് മാസം കരാർ കാലാവധി അവസാനിക്കുന്ന ജീവനക്കാർ ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരുടെ വിവരങ്ങൾ ശിപാർശ സഹിതം അടിയന്തിരമായി (2 ദിവസത്തിനകം) ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

ജീവനക്കാരുടെ കരാർ പുതുക്കുന്നതിനുള്ള പ്രൊപ്പോസലുകൾ മേൽ പരാമർശ പ്രകാരം സമയബന്ധിതമായി സമർപ്പിച്ചിട്ടുണ്ടെന്ന് അതത് ശിശു സംരക്ഷണ ഓഫീസർമാർ ഉറപ്പാക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
(ഒപ്പ്)
PRIYANKA G DIRECTOR
വനിത ശിശു വികസന ഡയറക്ടർ

Signed by Priyanka G
Date: 28-02-2023 18:41:06